## പതിമൂന്നാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4868 | 01.07.2013 ന് മറുപടിയ്ക്ക്.

### വനം വകുപ്പിന്റെ ഗസ്റ്റ്ഹൗസുകൾ ഉപയോഗിക്കുന്നതിന് നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.നാണു<br>ശ്രീ.മാത്യു റ്റി തോമസ്<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീമതി.ജമീലാ പ്രകാശം | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) വനം വകുപ്പിന്റെ ഗസ്റ്റ് ഹൗസുകൾ അതിഥികൾ ഉപയോഗിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ എന്തൊക്കെ; വ്യക്തമാക്കാമോ ; | (എ),(ബി),(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഫോറസ്റ്റ് റസ്റ്റ് ഹൗസുകൾ/ബംഗ്ലാവുകൾ എന്നിവയിൽ താമസിക്കുന്നതിന് പ്രത്യേക നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ വനം റസ്റ്റ് ഹൗസുകളിലേയും/ബംഗ്ലാവുകളിലേയും താമസത്തിനായുള്ള മുൻകൂർ ബുക്കിംഗിന് ഏകീകൃതമായ മാർഗ്ഗനിർദ്ദേശങ്ങളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടതിനാൽ വനം വകുപ്പാസ്ഥാനത്തു തന്നെ കേന്ദ്രീകൃതമായി കേരളത്തിലെ മുഴുവൻ വനം ഗസ്റ്റ് ഹൗസുകളും ബുക്ക് ചെയ്യുവാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ വനം വകുപ്പിന്റെ ഫോറസ്റ്റ് ബംഗ്ലാവുകളും റസ്റ്റ് ഹൗസുകളും ഫോറസ്റ്റ് കോഡിൽ നിഷ്കർഷിക്കുന്ന ചട്ടങ്ങൾക്ക് വിധേയമായാണ് ഉപയോഗിക്കുന്നത്. |
| (ബി) നിയന്ത്രണങ്ങൾ ഏർപ്പെടുത്താനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ ; | |
| (സി) പ്രസ്തുത നിയന്ത്രണം നിലവിലുണ്ടോ ഇല്ലെങ്കിൽ എന്നു മുതൽ നിലവിലില്ലാതായി എന്നു വ്യക്തമാക്കുമോ ; | |

സെക്ഷൻ ഓഫീസർ.